| 03-09-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- സത്യമായ വഴികാട്ടി വന്നിരിക്കുകയാണ് നിങ്ങളെ സത്യം സത്യമായ യാത്ര പഠിപ്പിക്കുന്നതിനായി, നിങ്ങളുടെ യാത്രയിൽ മുഖ്യമായത് പവിത്രതയാണ്, ഓർമ്മിക്കൂ പവിത്രമായി മാറൂ.**

**ചോദ്യം-** സന്ദേശവാഹകൻ അഥവാ വഴികാട്ടിയുടെ കുട്ടികളായ നിങ്ങൾക്ക് ഏതൊരു കാര്യത്തിലല്ലാതെ മറ്റൊരു കാര്യത്തിലും വാദിക്കേണ്ട ആവശ്യമില്ല?
**ഉത്തരം-**നിങ്ങൾ സന്ദേശവാഹകന്റെ കുട്ടികൾ എല്ലാവർക്കും ഈ സന്ദേശം നൽകൂ അതായത് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ എങ്കിൽ ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ വികർമ്മങ്ങൾ വിനാശമാകും. ഇതിൽ മാത്രം ശ്രദ്ധവെക്കൂ, ബാക്കി ഒരുകാര്യത്തിലേക്കും പോകുന്നതിൽ ഒരു പ്രയോജനവുമില്ല. നിങ്ങൾ എല്ലാവർക്കും ബാബയുടെ പരിചയം നൽകിയാൽ മാത്രം മതി, ഇതിലൂടെ അവർ ആസ്തികരായി മാറും. എപ്പോൾ രചയിതാവായ അച്ഛനെ മനസ്സിലാക്കുന്നുവോ അപ്പോൾ രചനയെ മനസ്സിലാക്കുന്നത് സഹജമായി മാറും.

**ഗീതം-** നമ്മുടെ തീർത്ഥാടനം വേറിട്ടതാണ്..................

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾക്ക് അറിയാം നമ്മൾ സത്യമായ തീർത്ഥാടകരാണ്. സത്യമായ വഴികാട്ടിയും പിന്നെ അവരുടെ കുട്ടികളായ നമ്മളും ഇപ്പോൾ സത്യമായ തീർത്ഥാടനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് അസത്യഖണ്ഡമാണ് അഥവാ പതീതഭൂമിയാണ്. ഇപ്പോൾ സത്യഖണ്ഡത്തിലേക്ക് അഥവാ പാവനഭൂമിയിലേക്ക് പോവുകയാണ്. മനുഷ്യർ യാത്രകൾ നടത്താറില്ലേ. ചിലത് വളരെ പ്രാധാന്യമുള്ളതായിരിക്കും, ഇതുവരെ ആർക്കും പോകാൻ സാധിക്കാത്തത്. ഇതും യാത്രയാണ്, ഇതിൽ യാത്ര ആരംഭിക്കുന്നത് സത്യമായ വഴികാട്ടി സ്വയം വരുമ്പോഴാണ്. അവർ വരുന്നത് ഓരോ കല്പത്തിലേയും സംഗമയുഗത്തിലാണ്. ഇതിൽ ചൂടിന്റേയോ തണുപ്പിന്റേയോ കാര്യമില്ല. ഇതിൽ ക്ഷീണിതരാവുന്നതിന്റെ കാര്യവുമില്ല. ഇത് ഓർമ്മയുടെ യാത്രയാണ്. ആ യാത്രകളിൽ സന്യാസിമാരും പങ്കുചേരാറുണ്ട്. സത്യം സത്യമായ യാത്ര നടത്തുന്നവർ പവിത്രമായിരിക്കും. നിങ്ങളെല്ലാവരും യാത്രയിലാണ്. നിങ്ങൾ ബ്രാഹ്മണരാണ്. സത്യം സത്യമായ ബ്രഹ്മാകുമാരനും ബ്രഹ്മാകുമാരിയും ആരാണ്? ആരാണോ ഒരിക്കലും വികാരത്തിലേക്ക് പോകാത്തത്. തീർച്ചയായും പുരുഷാർത്ഥി തന്നെയാണ്. മനസ്സിൽ സങ്കല്പങ്ങളും വരും, മുഖ്യമായത് വികാരത്തിന്റെ കാര്യമാണ്. നിങ്ങളുടെ പക്കൽ നിർവ്വികാരീ ബ്രാഹ്മണർ എത്ര പേരുണ്ട്? എന്ന് ആരെങ്കിലും ചോദിച്ചാൽ പറയൂ അത് ചോദിക്കേണ്ട ആവശ്യമില്ല. ഈ കാര്യങ്ങളാൽ നിങ്ങളുടെ വയറ് നിറയുമോ. നിങ്ങൾ യാത്രികനായി മാറൂ. യാത്ര ചെയ്യുന്നത് എത്രപേരാണ്, ഇത് ചോദിക്കുന്നതിൽ ഒരു പ്രയോജനവുമില്ല. ബ്രാഹ്മണരിൽ ചിലർ സത്യസന്ധരാണ്, എന്നാൽ അസത്യമായവരും ഉണ്ട്. ഇന്ന് സത്യമാണ്, നാളെ അസത്യമായി മാറുന്നു. വികാരത്തിലേക്ക് പോയാൽ പിന്നെ ബ്രാഹ്മണനല്ല. പിന്നീട് ശൂദ്രനിലും ശൂദ്രനായി മാറും. ഇന്ന് പ്രതിജ്ഞ ചെയ്തിട്ട് നാളെ വികാരത്തിലേക്ക് വീണ് അസുരനായി മാറുന്നു. ഇപ്പോൾ ആ കാര്യങ്ങൾ ഇരുന്ന് ഏതുവരെ മനസ്സിലാക്കിത്തരും. ഇതിലൂടെ വയറ് നിറയില്ല അതുപോലെ മുഖം മധുരിക്കുകയുമില്ല. ഇവിടെ നമ്മൾ അച്ഛനെ ഓർമ്മിക്കുകയും രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെ അറിയുകയും ചെയ്യുന്നു. ബാക്കിയുള്ള ഒരു കാര്യത്തിലും ഒരു പ്രയോജനവുമില്ല. പറയൂ, ഇവിടെ അച്ഛനെ ഓർമ്മിക്കാൻ പഠിപ്പിക്കുകയാണ് പിന്നെ പവിത്രതയാണ് മുഖ്യം. ആരാണോ ഇന്ന് പവിത്രമായിട്ട് നാളെ അപവിത്രമായി മാറുന്നത് അവർ ബ്രാഹ്മണരേയല്ല. ആ കണക്ക് ഇരുന്ന് എത്രത്തോളം നിങ്ങളെ കേൾപ്പിക്കും. ഇങ്ങനെ ഒരുപാടുപേർ മായയുടെ കൊടുങ്കാറ്റിൽ വീഴുന്നുണ്ടാകും, അതിനാൽ ബ്രാഹ്മണരുടെ മാലയുണ്ടാക്കാൻ സാധിക്കില്ല. നമ്മൾ സന്ദേശവാഹകന്റെ കുട്ടികൾ സന്ദേശം നൽകുകയാണ്, വഴികാട്ടിയുടെ മക്കൾ വഴി പറഞ്ഞുകൊടുക്കുകയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ എങ്കിൽ ഈ യോഗാഗ്നിയിലൂടെ വികർമ്മം വിനാശമാകും. ഇതിൽ ശ്രദ്ധവേണം. ബാക്കി മനുഷ്യർ അനേകം ചോദ്യങ്ങൾ ചോദിക്കും. ഈ ഒരു കാര്യത്തിലല്ലാതെ മറ്റൊരു കാര്യത്തിലേക്കും പോകുന്നതുകൊണ്ട് ഒരു ഉപകാരവുമില്ല. നാസ്തികനിൽ നിന്നും ആസ്തികനും നിർധനനിൽ നിന്നും ധനവാനുമായി എങ്ങനെ മാറാം, ഏത് ധനവാനിൽ നിന്നും സമ്പത്ത് ലഭിക്കും എന്നത് ചോദിക്കൂ. ബാക്കി എല്ലാവരും പുരുഷാർത്ഥികളാണ്. വികാരത്തിന്റെ കാര്യത്തിലാണ് കൂടുതലും തോറ്റുപോകുന്നത്. വളരെ ദിവസങ്ങൾക്കുശേഷം പത്നിയെ കാണുകയാണെങ്കിൽ കാര്യം ചോദിക്കുകയേ വേണ്ട. ചിലർക്ക് മദ്യപിക്കുന്ന ശീലമുണ്ടാകും, തീർത്ഥയാത്ര പോകുമ്പോൾ ആർക്കാണോ മദ്യപിക്കുന്ന അല്ലെങ്കിൽ പുകവലിക്കുന്ന ശീലമുള്ളത് അവർക്ക് അതില്ലാതെ ഇരിക്കാൻ സാധിക്കില്ല. ഒളിപ്പിച്ച് കുടിക്കും. എന്ത് ചെയ്യാൻ

പറ്റും. സത്യം പറയാത്ത ഒരുപാടുപേരുണ്ട്, ഒളിപ്പിച്ചുകൊണ്ടിരിക്കും.

എങ്ങനെ യുക്തിയോടെ മറുപടി പറയണം എന്ന യുക്തികൾ ബാബ കുട്ടികൾക്ക് പറഞ്ഞുതരികയാണ്. ഒരു ബാബയുടെ മാത്രം പരിചയമാണ് നൽകേണ്ടത്, ഇതിലൂടെ മനുഷ്യർ ആസ്തികരായി മാറും. ഏതുവരെ അച്ഛനെ അറിയുന്നില്ലയോ അതുവരെ എന്ത് ചോദ്യം ചോദിച്ചാലും അതെല്ലാം അനാവശ്യമാണ്. ഇങ്ങനെ ഒരുപാടുപേർ വരുന്നുണ്ട്, ഒന്നും മനസ്സിലാക്കില്ല, കേവലം കേട്ടുകൊണ്ടിരിക്കും, ഒരു പ്രയോജനവുമില്ല. ബാബക്ക് എഴുതും ആയിരം രണ്ടായിരം പേർ വന്നു, അതിൽ ഒന്നോ രണ്ടോ പേർ മനസ്സിലാക്കുന്നതിനായി വന്നുകൊണ്ടിരിക്കുന്നു. ഇന്ന ഇന്ന വലിയ വലിയ ആളുകൾ വന്നുകൊണ്ടിരിക്കുന്നു, നമുക്ക് മനസ്സിലാകും, അവർക്ക് എന്ത് പരിചയമാണോ ലഭിക്കേണ്ടിയിരുന്നത് അത് ലഭിച്ചിട്ടില്ല. മുഴുവൻ പരിചയവും ലഭിച്ചാൽ മനസ്സിലാക്കും ഇവർ പറയുന്നത് ശരിയാണ്, നമ്മൾ ആത്മാക്കളുടെ പിതാവ് പരമാത്മാവാണ്, അവർ പഠിപ്പിക്കുകയാണ്. പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ഈ അന്തിമ ജന്മത്തിൽ പവിത്രമായി മാറൂ. ആരാണോ പവിത്രമായിരിക്കാത്തത് അവർ ബ്രാഹ്മണരല്ല, ശൂദ്രനാണ്. യുദ്ധമൈതാനമാണ്. വൃക്ഷം വലുതായിക്കൊണ്ടിരിക്കും ഒപ്പം കൊടുങ്കാറ്റും അടിച്ചുകൊണ്ടിരിക്കും. വളരെയധികം ഇലകൾ വീണുകൊണ്ടിരിക്കും. സത്യമായ ബ്രാഹ്മണർ ആരെല്ലാമാണ് എന്നത് ആര് ഇരുന്ന് എണ്ണും? ആരാണോ ഒരിക്കലും ശൂദ്രനായി മാറാത്തത് അവരാണ് സത്യമായവർ. അൽപം പോലും ദൃഷ്ടി പോകരുത്. അവസാനം കർമ്മാതീത അവസ്ഥയുണ്ടാകും. വളരെ വലിയ ലക്ഷ്യമാണ്. മനസ്സിൽപോലും വരരുത്, ആ അവസ്ഥ അവസാനം ഉണ്ടാകണം. ഈ സമയത്ത് ഒരാൾക്കുപോലും ഈ അവസ്ഥയില്ല. ഈ സമയത്ത് എല്ലാവരും പുരുഷാർത്ഥികളാണ്. മുകളിലേക്കും താഴേക്കും പോയിക്കൊണ്ടിരിക്കുന്നു. മുഖ്യമായത് കണ്ണുകളുടെ കാര്യമാണ്. നമ്മൾ ആത്മാക്കളാണ്, ഈ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുകയാണ്-ഇത് പക്കയായി അഭ്യാസം ചെയ്യണം. ഏതുവരെ രാവണരാജ്യമുണ്ടോ അതുവരെ യുദ്ധം നടന്നുകൊണ്ടിരിക്കും. അവസാനം കർമ്മാതീത അവസ്ഥയുണ്ടാകും. മുന്നോട്ടുപോകവേ നിങ്ങൾക്ക് അനുഭവമാകും, മനസ്സിലാക്കാൻ തുടങ്ങും. ഇപ്പോഴാണെങ്കിൽ വൃക്ഷം വളരെ ചെറുതാണ്, കൊടുങ്കാറ്റ് അടിക്കുന്നുണ്ട്, ഇലകൾ കൊഴിയുന്നുണ്ട്. ആരാണോ പാകമാകാത്തത് അവർ വീഴുന്നു. ഓരോരുത്തരും അവരവരോട് ചോദിക്കണം- എന്റെ അവസ്ഥ ഏതുവരെയായി? ബാക്കി ആരാണോ ചോദ്യങ്ങൾ ചോദിക്കുന്നത് അതിലേക്ക് കൂടുതൽ പോകേണ്ടതില്ല. പറയൂ, ഞങ്ങൾ ബാബയുടെ ശ്രീമതത്തിലൂടെ നടക്കുകയാണ്. പരിധിയില്ലാത്ത ബാബ വന്ന് പരിധിയില്ലാത്ത സുഖം നൽകുന്നു അഥവാ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. അവിടെ സുഖം മാത്രമേ ഉണ്ടാകൂ. എവിടെയാണോ മനുഷ്യർ വസിക്കുന്നത് അതിനെയാണ് ലോകം എന്ന് പറയുന്നത്. നിരാകാരീ ലോകത്തിൽ ആത്മാക്കളാണല്ലോ ഉള്ളത്. ആത്മാവ് എങ്ങനെയുള്ള ബിന്ദുവാണ് എന്നത് ആരുടേയും ബുദ്ധിയിലില്ല. ഇത് പുതിയതായി വരുന്നവർക്ക് ആദ്യം മനസ്സിലാക്കിക്കൊടുക്കരുത്. ആദ്യമാദ്യം മനസ്സിലാക്കിക്കൊടുക്കണം- പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു. ഭാരതം പാവനമായിരുന്നു, ഇപ്പോൾ പതിതമാണ്. കലിയുഗത്തിനുശേഷം വീണ്ടും സത്യയുഗം വരണം. ബി.കെ ക്കല്ലാതെ മറ്റാർക്കും ഇത് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ഇതാണ് പുതിയ രചന. ബാബ പഠിപ്പിക്കുകയാണ്- ഈ കാര്യം ബുദ്ധിയിൽ ഉണ്ടായിരിക്കണം. ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല, പക്ഷേ മായ മറപ്പിക്കും, വികർമ്മം ചെയ്യിക്കും. അരകൽപമായി വികർമ്മം ചെയ്യുന്ന ശീലമുണ്ട്. ഇത്തരത്തിലുള്ള എല്ലാ ആസുരീയ ശീലങ്ങളും അവസാനിപ്പിക്കണം. ബാബ സ്വയം പറയുന്നു- എല്ലാവരും പുരുഷാർത്ഥികളാണ്. കർമ്മാതീത അവസ്ഥ പ്രാപ്തമാക്കാൻ വളരെ സമയമെടുക്കും. ബ്രാഹ്മണർ ഒരിക്കലും വികാരത്തിലേക്ക് പോവുകയില്ല. യുദ്ധത്തിന്റെ മൈതാനത്തിൽ മുന്നേറിക്കൊണ്ടിരിക്കേ തോൽവി ഏറ്റുവാങ്ങുന്നു. ഈ ചോദ്യങ്ങളാൽ ഒരു പ്രയോജനവുമില്ല. ആദ്യം തന്റെ അച്ഛനെ ഓർമ്മിക്കൂ. നമുക്ക് ശിവബാബ കൽപം മുൻപത്തേതുപോലെ ആജ്ഞ നൽകിയിട്ടുണ്ട് അതായത് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ഇത് അതേ യുദ്ധമാണ്. അച്ഛൻ ഒന്നേയുള്ളു, കൃഷ്ണനെ അച്ഛൻ എന്ന് പറയില്ല. കൃഷ്ണന്റെ പേര് ഇട്ടിരിക്കുന്നു. തെറ്റിൽ നിന്നും ശരിയാക്കി മാറ്റുന്നയാൾ അച്ഛനാണ്, അതിനാലാണ് അച്ഛനെ ട്രൂത്ത് എന്ന് വിളിക്കുന്നത്. ഈ സമയത്ത് നിങ്ങൾ കുട്ടികൾക്ക് മാത്രമേ മുഴുവൻ സൃഷ്ടിയുടേയും രഹസ്യം അറിയുകയുള്ളു. സത്യയുഗത്തിലുള്ളത് ദൈവീക പരമ്പരയാണ്. രാവണരാജ്യത്തിൽ പിന്നീട് അസുരന്മാരുടെ പരമ്പരയാണ്. സംഗമയുഗത്തെ വ്യക്തമായി കാണിക്കണം, ഇതാണ് പുരുഷോത്തമ സംഗമയുഗം. ആ ഭാഗത്ത് ദേവതകളാണ്, ഈ ഭാഗത്ത് അസുരന്മാരും. അല്ലാതെ അവരുടെ യുദ്ധമൊന്നും നടന്നിട്ടില്ല. നിങ്ങൾ ബ്രാഹ്മണരുടെ യുദ്ധം വികാരങ്ങളുമായിട്ടാണ്, ഇതിനെയും യുദ്ധം എന്ന് പറയില്ല. ഏറ്റവും വലുത് കാമവികാരമാണ്, ഇത് മഹാശത്രുവാണ്. ഇതിനുമേൽ വിജയം നേടിയാലേ നിങ്ങൾ ജഗത്ജീത്തായി മാറുകയുള്ളു. ഈ വിഷയത്തിലാണ് അബലകൾ അടി കൊള്ളുന്നത്. അനേക പ്രകാരത്തിലുള്ള വിഘ്നങ്ങൾ ഉണ്ടാകുന്നു. പ്രധാനകാര്യം പവിത്രതയാണ്. പുരുഷാർത്ഥം ചെയ്ത് ചെയ്ത് കൊടുങ്കാറ്റ് വന്ന് വന്ന് നിങ്ങൾ വിജയിയാവും. മായ തോറ്റുപോകും. ഗുസ്തിയിൽ

മൽസരിക്കുന്ന ഫയൽവാൻ പെട്ടെന്ന് നേരിടാനായി വരും. അവരുടെ ജോലി തന്നെ നന്നായി ഇടി കൊടുത്ത് വിജയം നേടുക എന്നതാണ്. ഗുസ്തിക്കാരുടെ പേര് വളരെ പ്രശസ്തമാണ്. സമ്മാനം ലഭിക്കും. നിങ്ങളുടേത് ഗുപ്തമായ കാര്യമാണ്.

നിങ്ങൾക്കറിയാം നാം ആത്മാക്കൾ പവിത്രമായിരുന്നു. ഇപ്പോൾ അപവിത്രമായി മാറി ഇനി വീണ്ടും പവിത്രമായി മാറണം. ഈ സന്ദേശം എല്ലാവർക്കും നൽകണം അഥവാ ആരെങ്കിലും ചോദിക്കുകയാണെങ്കിൽ, നിങ്ങൾക്ക് അതിലേക്കൊന്നും പോകേണ്ടതില്ല. നിങ്ങളുടേത് ആത്മീയ ജോലിയാണ്. നമ്മൾ ആത്മാക്കളിൽ ബാബ ജ്ഞാനം നിറച്ചിരുന്നു, പിന്നീട് പ്രാലബ്ധം നേടി, ജ്ഞാനം ഇല്ലാതായി. ഇപ്പോൾ വീണ്ടും ബാബ ജ്ഞാനം നിറക്കുകയാണ്. ബാക്കി ലഹരിയിൽ ഇരിക്കൂ, പറയൂ ബാബയുടെ സന്ദേശം നൽകുകയാണ് അതായത് ബാബയെ ഓർമ്മിക്കൂ എങ്കിൽ മംഗളം ഉണ്ടാകും. നിങ്ങളുടെ ജോലി തന്നെ ഈ ആത്മീയതയാണ്. ഏറ്റവും ആദ്യത്തെ കാര്യം ബാബയെ അറിയുക എന്നതാണ്. ബാബ തന്നെയാണ് ജ്ഞാനസാഗരൻ. ബാബ ഏതെങ്കിലും പുസ്തകത്തിലുള്ളതാണോ കേൾപ്പിക്കുന്നത്. ഡോക്ടറേറ്റ് നേടുന്ന മനുഷ്യർ പുസ്തകങ്ങളൊക്കെ പഠിക്കുന്നു. ഭഗവാനാണെങ്കിൽ ജ്ഞാനസാഗരനാണ്. ബാബക്ക് സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ബാബ എന്തെങ്കിലും പഠിച്ചിട്ടുണ്ടോ? ബാബക്ക് മുഴുവൻ വേദ ശാസ്ത്രങ്ങളും അറിയാം. ബാബ പറയുന്നു എന്റെ പാർട്ട് നിങ്ങൾക്ക് ജ്ഞാനം നൽകുക എന്നതാണ്. ജ്ഞാനവും ഭക്തിയും തമ്മിലുള്ള വ്യത്യാസം മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഇത് ജ്ഞാനത്തിന്റെ പഠിപ്പാണ്. ഭക്തിയെ ജ്ഞാനം എന്ന് പറയാൻ പറ്റില്ല. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും തീർച്ചയായും ആവർത്തിക്കും. പഴയ ലോകത്തിനുശേഷം തീർച്ചയായും പുതിയ ലോകം വരും. നിങ്ങൾ കുട്ടികൾക്കറിയാം ബാബ നമ്മെ വീണ്ടും പഠിപ്പിക്കുകയാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, മുഴുവൻ ശക്തിയും ഇതിലാണ്. ബാബക്കറിയാം വളരെ നല്ല നല്ല പ്രശസ്തരായ കുട്ടികൾപോലും ഈ ഓർമ്മയുടെ യാത്രയിൽ ബലഹീനമാണ് പിന്നെ ആരാണോ പ്രശസ്തമല്ലാത്തത്, ബന്ധനത്തിൽ പെട്ടിരിക്കുന്നത്, പാവങ്ങൾ, അവർ ഓർമ്മയുടെ യാത്രയിൽ നന്നായി ഇരിക്കുന്നുണ്ട്. ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കൂ- ഞാൻ എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്? ബാബ പറയുന്നു- കുട്ടികളേ, എത്ര സാധിക്കുമോ അച്ഛനായ എന്നെ ഓർമ്മിക്കൂ. ഉള്ളിന്റെയുള്ളിൽ വളരെ ഹർഷിതമായിരിക്കൂ. ഭഗവാൻ പഠിപ്പിക്കുകയാണ് എങ്കിൽ എത്ര സന്തോഷമുണ്ടാകണം. ബാബ പറയുന്നു നിങ്ങൾ പവിത്രമായ ആത്മാക്കളായിരുന്നു പിന്നീട് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിച്ചഭിനയിച്ച് പതീതമായി മാറി. ഇപ്പോൾ വീണ്ടും പവിത്രമായി മാറണം. വീണ്ടും അതേ ദൈവീകമായ പാർട്ട് അഭിനയിക്കണം. നിങ്ങൾ ദൈവീക ധർമ്മത്തിലേതല്ലേ. നിങ്ങൾ തന്നെയാണ് 84 ജന്മങ്ങൾ അഭിനയിച്ചത്. എല്ലാ സൂര്യവംശികളും 84 ജന്മങ്ങൾ എടുക്കുന്നുണ്ടോ. പിന്നാലെ വന്നുകൊണ്ടിരിക്കുമല്ലോ. ഇല്ലെങ്കിൽ പെട്ടെന്ന് വരേണ്ടതാണ്. അതിരാവിലെ ഉണർന്ന് ബുദ്ധികൊണ്ട് ജോലി ചെയ്താൽ മനസ്സിലാക്കാൻ സാധിക്കും. കുട്ടികൾക്കുതന്നെയാണ് വിചാര സാഗര മഥനം ചെയ്യേണ്ടത്. ശിവബാബ ചെയ്യുകയില്ല. ബാബ പറയുന്നു ഡ്രാമ അനുസരിച്ച് എന്തെല്ലാം കേൾപ്പിക്കുന്നുവോ അതെല്ലാം കൽപം മുമ്പ് കേൾപ്പിച്ചത് തന്നെയാണ്, അതുതന്നെയാണ് മനസ്സിലാക്കിത്തരുന്നത്. മഥനം നിങ്ങളാണ് ചെയ്യേണ്ടത്. നിങ്ങളാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത്, ജ്ഞാനം നൽകേണ്ടത്. ഈ ബ്രഹ്മാവും മഥനം ചെയ്യുന്നുണ്ട്. ബി. കെക്കാണ് മഥനം ചെയ്യേണ്ടത് അല്ലാതെ ശിവബാബക്കല്ല. പ്രധാനകാര്യം, ആരോടും കൂടുതൽ സംസാരിക്കേണ്ടതില്ല. വാദ പ്രതിവാദങ്ങൾ ശാസ്ത്രവാദികൾ ഒരുപാട് ചെയ്യുന്നുണ്ട്, നിങ്ങൾ വാദ പ്രതിവാദം ചെയ്യേണ്ടതില്ല. നിങ്ങൾ സന്ദേശം നൽകിയാൽ മാത്രം മതി. ആദ്യം മുഖ്യമായ ഒരു കാര്യം മനസ്സിലാക്കിക്കൊടുക്കൂ പിന്നീട് എഴുതിപ്പിക്കൂ. ആദ്യമാദ്യം ഈ പാഠം എടുക്കൂ അതായത് നമ്മെ ആരാണ് പഠിപ്പിക്കുന്നത്, അത് എഴുതൂ. ഈ കാര്യം നിങ്ങൾ അവസാനത്തിലേക്ക് കൊണ്ടുപോകുന്നു അതിനാലാണ് സംശയം ഉണ്ടാകുന്നത്. നിശ്ചയബുദ്ധിയാകാത്തതിനാൽ മനസ്സിലാക്കുന്നില്ല. കാര്യം ശരിയാണ് എന്ന് പറയുക മാത്രം ചെയ്യുന്നു. ആദ്യമാദ്യമുള്ള മുഖ്യമായ കാര്യം ഇതുതന്നെയാണ്. രചയിതാവായ ബാബയെ മനസ്സിലാക്കൂ പിന്നീട് രചനയുടെ രഹസ്യം മനസ്സിലാക്കണം. മുഖ്യമായ കാര്യം ഗീതയുടെ ഭഗവാൻ ആരാണ്? നിങ്ങളുടെ വിജയവും ഇതിലാണ് ഉണ്ടാകേണ്ടത്. ആദ്യമാദ്യം ഏത് ധർമ്മമാണ് സ്ഥാപിക്കപ്പെട്ടത്? പഴയ ലോകത്തെ പുതിയതാക്കി മാറ്റുന്നത് ആരാണ്. ബാബ തന്നെയാണ് ആത്മാക്കൾക്ക് പുതിയ ജ്ഞാനം കേൾപ്പിക്കുന്നത്, ഇതിലൂടെയാണ് പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. നിങ്ങൾക്ക് അച്ഛന്റേയും രചനയുടേയും പരിചയം ലഭിക്കുന്നു. ആദ്യമാദ്യം അല്ലാഹുവിൽ പക്കയാക്കൂ എങ്കിൽ സമ്പത്തായി ചക്രവർത്തീ പദം ലഭിക്കും. ബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. അച്ഛനെ അറിഞ്ഞു, സമ്പത്തിന് അധികാരിയായി മാറി. കുട്ടി ജനിച്ചു, അമ്മയേയും അച്ഛനേയും കണ്ടു ഉടൻ പക്കയായി. അമ്മയുടേയും അച്ഛന്റേയും അടുത്തേക്കല്ലാതെ മറ്റെവിടെയും പോകില്ല എന്തുകൊണ്ടെന്നാൽ അമ്മയിൽ നിന്നും പാല് ലഭിക്കും. ഇവിടെയും ജ്ഞാനമാകുന്ന പാൽ ലഭിക്കുന്നു. മാതാപിതാ

വല്ലേ. ഇത് വളരെ സൂക്ഷ്മമായ കാര്യങ്ങളാണ്, പെട്ടെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യസാരം-**

1) സത്യം സത്യമായ പവിത്ര ബ്രാഹ്മണനായി മാറണം. ഒരിക്കലും ശൂദ്രനായി(പതിതം) മാറുന്നതിനെക്കുറിച്ച് മനസ്സിൽ ചിന്തിക്കുക പോലും ചെയ്യരുത്, അല്പം പോലും ദൃഷ്ടി പോകരുത്, ഇങ്ങനെയുള്ള അവസ്ഥയുണ്ടാക്കണം.

2) ബാബ എന്താണോ പഠിപ്പിക്കുന്നത്, ആ അറിവ് ബുദ്ധിയിൽ സൂക്ഷിക്കണം. വികർമ്മം ചെയ്യുന്നതിനുള്ള എന്തെല്ലാം ആസുരീയ ശീലങ്ങൾ ഉണ്ടായിട്ടുണ്ടോ, അതിനെ ഇല്ലാതാക്കണം. പുരുഷാർത്ഥം ചെയ്ത് ചെയ്ത് സമ്പൂർണ്ണ പവിത്രതയാകുന്ന ഉയർന്ന ലക്ഷ്യം പ്രാപ്തമാക്കണം.

## വരദാനം- കാരണത്തെ നിവാരണം ചെയ്ത് ചിന്തയിൽ നിന്നും ഭയത്തിൽനിന്നും മുക്തമാകുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

വർത്തമാനസമയത്ത് അൽപകാലസുഖങ്ങൾക്കൊപ്പം ചിന്തയും ഭയവും കൂടിയുണ്ട്.എവിടെയാണോ ചിന്തകളുള്ളത് അവിടെ സ്വസ്ഥതയുണ്ടാവില്ല. എവിടെ ഭയമുണ്ടോ അവിടെ ശാന്തിയുണ്ടാകില്ല. സുഖത്തിന്റെ കൂടെ ദുഃഖത്തിനും അശാന്തിക്കുമുള്ള കാരണങ്ങളും കൂടി വരുന്നു എന്നാൽ താങ്കൾ സർവ്വശക്തികളുടേയും ഖജനാക്കളാൽ സമ്പന്നമായ സർവ്വശക്തിവാന്റെ കുട്ടികൾ ദുഃഖങ്ങളുടെ കാരണത്തെ ഇല്ലാതാക്കുകയും ഓരോ സമസ്യകൾക്കും പരിഹാരം കണ്ടെത്തുകയും ചെയ്യുന്ന പരിഹാരസ്വരൂപരാണ്. അതുകൊണ്ടുതന്നെ ചിന്ത,ഭയം എന്നിവയിൽ നിന്നും മുക്തവുമാണ്. ഏതൊരു സമസ്യകളും താങ്കളുടെ മുന്നിലേക്ക് കളിക്കാനായി വരുന്നതാണ് അല്ലാതെ ഭയപ്പെടുത്താനല്ല.

## സ്ലോഗൻ- തന്റെ മനോഭാവത്തെ ശ്രേഷ്ഠമാക്കുകയാണെങ്കിൽ പ്രവൃത്തി സ്വതവേ ശ്രേഷ്ഠമാകും.

**അവ്യക്തസൂചന- ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.** സമയമനുസരിച്ച് എല്ലാ ബ്രാഹ്മണആത്മാക്കളേയും ഒന്നിച്ചുചേർത്ത് ജ്വാലാസ്വരൂപത്തിന്റെ വായുമണ്ഡലം ഉണ്ടാക്കാനുള്ള സേവനം ചെയ്യണം. അതിനായി ഭട്ടികൾ വെക്കൂ, ഒരുമിച്ചിരുന്ന് ആത്മീയകാര്യങ്ങൾ ചർച്ച ചെയ്യൂ. ഒപ്പം ജ്വാലാസ്വരൂപത്തിന്റെ അനുഭവം ചെയ്യിക്കുകയും ചെയ്യൂ. ഈ സേവനത്തിൽ മുഴുകിയാൽ ചെറിയ ചെറിയ കാര്യങ്ങളെയും സഹജമായി പരിവർത്തനപ്പെടും.